കണക്കിലെടുത്ത് മാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി പൈപ്പ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനവും സബ്സിഡിയും നൽകിവരുന്നു.

പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ

124 (1493) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ നിയമിക്കപ്പെട്ട പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൻമേൽ തുടർ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളത് അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലകമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പാലൊളി കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സംബന്ധിച്ച റിപ്പോർട്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ (www.minoritywelfare.kerala.gov.in) ലഭ്യമാണ്. ന്യൂനപക്ഷക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച 10 കാര്യങ്ങളും അതിൻമേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. മറ്റുവകുപ്പുകൾ നടപടി സ്വീകരിക്കേണ്ട ശുപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly